**XI - CHAPTER - 9**

# INTERNET

- **ഇന്റർനെറ്റ് :** നെറ്റ്‌വർക്കുകളുടെ നെറ്റ്‌വർക്കാണിത്.
- **ഇൻട്രാനെറ്റ് :** ഒരു സ്ഥാപനത്തിനുള്ളിലെ സ്വകാര്യ നെറ്റ്‌വർക്കാണിത്.
- **എക്സ്ട്രാനെറ്റ് :** ഒരു കമ്പനിയുടെ റിസോഴ്സ് (ഇൻട്രാനെറ്റ്) ബിസിനസ്സ് പങ്കാളികൾക്കും ആക്സസ് ചെയ്യുന്നു.

➤ ഇന്റർനെറ്റിലേക്ക് കമ്പ്യൂട്ടർ ബന്ധിപ്പിക്കുന്ന വിധം

1. NIC ഉള്ള ഒരു കമ്പ്യൂട്ടർ 2.TCP/ IP പിന്തുണയ്ക്കുന്ന ഒരു ഓപ്പറേറ്റിംഗ് സിസ്റ്റം
3.മോഡം 4. ടെലിഫോൺ കണക്ഷൻ 5. ISP തരുന്ന ഇന്റർനെറ്റ് അക്കൗണ്ട്
6.ബ്രൗസിംഗ് പോലുള്ള സോഫ്റ്റ്‌വെയർ

➤ ഇന്റർനെറ്റ് കണക്ഷനുകൾ പങ്കിടാൻ കഴിയുന്ന വ്യത്യസ്ത മാർഗ്ഗങ്ങൾ : ലാൻ, വൈ-ഫൈ,ലൈ-ഫൈ

## 1.ഇന്റർനെറ്റിലെ സേവനങ്ങൾ:

**1.1 Www ( വേൾഡ് വൈഡ് വെബ് )** : ഇന്റർനെറ്റ് വഴി ആക്സസ് ചെയ്യാവുന്ന പരസ്പരബന്ധിതമായ പൊതു വെബ്പേജുകളുടെ ഒരു സംവിധാനമാണ്. അവതരിപ്പിച്ച വ്യക്തി : ടിം ബെർണേഴ്സ് ലീ.

**1.2 ബ്രൗസർ** : WWW-ൽ വെബ് പേജുകൾ ആക്സസ് ചെയ്യുന്നതിനുള്ള ഒരു ആപ്ലിക്കേഷൻ സോഫ്റ്റ് വെയറാണ്.

ഉദാ : ഗൂഗിൾ ക്രോം,ഇന്റർനെറ്റ് എസ്പ്ലൊറെർ,മോസില്ല ഫയർഫോക്സ്,ഒപേറ,സഫാരി

**വെബ് ബ്രൗസിംഗ്** : വെബ് പേജുകൾക്കായി ഇന്റർനെറ്റിൽ തിരയുന്നതാണിത്.

**1.3. സെർച്ച് എഞ്ചിനുകൾ** : WWW-ലെ വിവരങ്ങൾ തിരയാൻ ഉപയോക്താക്കളെ അനുവദിക്കുന്ന ഒരു വെബ്സൈറ്റാണിത്. ഉദാ: ഗൂഗിൾ,ബിങ്,യാഹൂ സെർച്ച്,ആസ്ക്

**ക്രൗലേഴ്സ്** വിവിധ വെബ്സൈറ്റുകൾ പരതി ആവശ്യമായ വിവരങ്ങൾ ശേഖരിക്കാനുപയോഗിക്കുന്ന ഒരു പ്രോഗ്രാം.

**1.4 ഇ-മെയിൽ** (ഇലക്ട്രോണിക് മെയിൽ) : ഇന്റർനെറ്റിലൂടെ കമ്പ്യൂട്ടറുകൾക്കിടയിൽ ഡിജിറ്റൽ സന്ദേശങ്ങൾ കൈമാറുന്നതിനുള്ള ഒരു രീതിയാണിത്.

**ഇ-മെയിൽ വിലാസങ്ങളുടെ ഘടന:**യൂസർനെയിം@ഡൊമൈൻനെയിം , ഉദാ: Iza@gmail.com

**ഒരു ഇ-മെയിലിന്റെ ഭാഗങ്ങൾ :**

TO : സ്വീകർത്താവിന്റെ വിലാസം
CC : മെസ്സേജിന്റെ കോപ്പി അയക്കുന്ന രണ്ടാമത്തെ ആളുടെ അഡ്രസ്.
Bcc : മെസ്സേജിന്റെ കോപ്പി അയക്കുന്ന മൂന്നാമത്തെ ആളുടെ അഡ്രസ്.
Subject : അയക്കുന്ന മെസ്സേജിന്റെ ഉള്ളടക്കം.
Content : മെസ്സേജ് ടൈപ്പ് ചെയ്യുന്നിടം.

**ഗുണങ്ങൾ :** ഉയർന്ന വേഗത, ഉപയോഗിക്കാൻ എളുപ്പമാണ്, ഇത് വിലകുറഞ്ഞതാണ്, എപ്പോൾ വേണമെങ്കിലും എവിടെയും ലഭ്യമാണ്, പരിസ്ഥിതി സൗഹൃദം.

**ദോഷങ്ങൾ :** ഇ-മെയിലിൽ വൈറസുകൾ, ജങ്ക് മെയിലുകൾ എന്നിവ ഉണ്ടായിരിക്കാം.

**ഈ-മെയിലുമായി ബന്ധപ്പെട്ട പ്രോട്ടോകോൾസ്**

➤ POP(പോസ്റ്റ് ഓഫീസ് പ്രോട്ടോക്കോൾ) or IMAP(ഇന്റർനെറ്റ് മെസ്സേജ് ആക്സസ് പ്രോട്ടോക്കോൾ) ഇ-മെയിൽ ക്ലയന്റ് ആപ്ലിക്കേഷനുകൾ സാധാരണയായി സന്ദേശങ്ങൾ സ്വീകരിക്കുന്നതിന് ഉപയോഗിക്കുന്ന പ്രോട്ടോകോളുകളാണിവ.

**1.5 സോഷ്യൽ മീഡിയ :** ആശയവിനിമയം നടത്താനും കമ്മ്യൂണിറ്റികൾ സൃഷ്ടിക്കാനും ഉള്ളടക്കം പങ്കിടാനും ആശയങ്ങൾ കൈമാറാനും ആളുകളെ അനുവദിക്കുന്ന വെബ്സൈറ്റ് / ആപ്പ്.

**വ്യത്യസ്ത തരം സോഷ്യൽ മീഡിയകൾ** :

**ഇന്റർനെറ്റ് ഫോറങ്ങൾ** : ആളുകൾക്ക് താൽപ്പര്യമുള്ള വിഷയങ്ങളിൽ ആശയങ്ങൾ കൈമാറാവുന്ന വെബ്സൈറ്റ്.

**സോഷ്യൽ ബ്ലോഗുകൾ** : ഡയറി ശൈലിയിലുള്ള പോസ്റ്റുകൾ അടങ്ങുന്ന വിവരദായക വെബ്സൈറ്റ്.

**മൈക്രോബ്ലോഗുകൾ** : ഹ്രസ്വവും ടെക്സ്റ്റ് അടിസ്ഥാനമാക്കിയുള്ളതുമായ പോസ്റ്റുകൾ പങ്കിടുന്ന പ്രവർത്തനം.

**വിക്കികൾ** : ഒന്നിലധികം ഉപയോക്താക്കളെ ഉള്ളടക്കം എഡിറ്റുചെയ്യാനും ആക്സസ് ചെയ്യാനും അനുവദിക്കുന്ന വെബ്സൈറ്റ്

**സോഷ്യൽ നെറ്റ്‌വർക്കുകൾ** : ആളുകളെ പരസ്പരം ബന്ധിപ്പിക്കാൻ അനുവദിക്കുന്ന ഒരു വെബ്സൈറ്റ് /ആപ്പ്.

**കോൺടെന്റ് കമ്മ്യൂണിറ്റികൾ** : ഓൺലൈൻ മൾട്ടിമീഡിയ മെറ്റീരിയലുകൾ പങ്കിടാൻ കോൺടെന്റ് കമ്മ്യൂണിറ്റികൾ അനുവദിക്കുന്നു.

**ഗുണം:** ആളുകളെ ഒരുമിച്ച് ചേർക്കുന്നു, ഇവന്റുകൾ ആസൂത്രണം ചെയ്യുകയും സംഘടിപ്പിക്കുകയും ചെയ്യുക, ബിസിനസ് പ്രമോഷൻ, സാമൂഹിക നൈപുണ്യം.

**ദോഷം:** സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം, സൈറ്റുകൾക്ക് അടിമകളാകുന്നു, അപവാദം പ്രചരിപ്പിക്കൽ.

## 2. Cyber security (സൈബർ സുരക്ഷ ) :

സൈബർ ആക്രമണങ്ങളിൽ നിന്ന് ഇന്റർനെറ്റ് ബന്ധിപ്പിച്ച ഉപകരണങ്ങളും സേവനങ്ങളും സംരക്ഷിക്കുന്ന രീതിയാണിത്.

**കമ്പ്യൂട്ടർ വൈറസ്** : കമ്പ്യൂട്ടറുകൾക്കിടയിൽ വ്യാപിക്കുകയും ഡാറ്റയ്ക്കും സോഫ്റ്റ്‌വെയറിനും കേടുപാടുകൾ വരുത്തുകയും ചെയ്യുന്ന ഒരു തരം സോഫ്റ്റ് വെയർ പ്രോഗ്രാമുകളിത്.

**കമ്പ്യൂട്ടർ വേം** : സ്വയം പകർത്താനും മറ്റ് കമ്പ്യൂട്ടറുകളിലേക്ക് വ്യാപിക്കാനും കഴിയുന്ന പ്രോഗ്രാം.

**ട്രോജൻ ഹോഴ്സ്**:ഒരു ഉപകാരപ്രദമായ സോഫ്ട്‌വെയറാണെന്നു ഉപയോക്താക്കളെ തെറ്റിദ്ധരിപ്പിക്കുകയും ഇൻസ്റ്റാൾ ചെയ്താൽ കമ്പ്യൂട്ടർ പ്രവർത്തനങ്ങൾ താറുമാക്കുകയും ചെയ്യുന്ന സോഫ്റ്റ്‌വെയർ.

**സ്പാം** :ഇന്റർനെറ്റിലൂടെ ധാരാളം ആളുകൾക്ക് അയയ്ക്കുന്ന ആവശ്യപ്പെടാത്ത സന്ദേശങ്ങളാണിത്.

**ഹാക്കിങ്** : കമ്പ്യൂട്ടർ നെറ്റ് വർക്കിലേക്കോ കമ്പ്യൂട്ടറിലോ ഉള്ള ഡാറ്റയിലേക്ക് അനധികൃത ആക്സസ് നേടുന്ന പ്രക്രിയയാണ് ഹാക്കിംഗ്. ഹാക്ക് ചെയ്യുന്ന വ്യക്തിയെ ഹാക്കർ എന്ന് വിളിക്കുന്നു. ഹാക്കർമാർ 3 തരമുണ്ട്.

**വൈറ്റ്ഹാറ്റ് ഹാക്കർ**: കമ്പ്യൂട്ടർ നെറ്റ് വർക്കിന്റെ സുരക്ഷ പരിശോധിക്കുന്ന എത്തിക്കൽ ഹാക്കറാണിവർ

**ബ്ലാക്ക്ഹാറ്റ് ഹാക്കർ** : ദുരുദ്ദേശ്യത്തോടെ കമ്പ്യൂട്ടർ ശൃംഖലകളിൽ കടന്നുകയറുന്ന ഹാക്കറാണിവർ.

**ഗ്രേഹാറ്റ് ഹാക്കർ** : എത്തിക്കൽ നിയമങ്ങൾ ലംഗിച്ചു കമ്പ്യൂട്ടർ നെറ്റ് വർക്കിൽ നുഴഞ്ഞു കയറുകയും, എന്നാൽ ദുരുദ്ദേശ്യങ്ങളില്ലാത്ത കമ്പ്യൂട്ടർ സുരക്ഷാ വിദഗ്ധരാണിവർ.

**ഫിഷിംഗ് :** വ്യാജ വെബ്സൈറ്റ് സൃഷ്ടിച്ചു യൂസർ നെയിം,പാസ്‌വേഡുകൾ, ക്രെഡിറ്റ് കാർഡ് തുടങ്ങിയ വിവരങ്ങൾ നേടാനുള്ള ശ്രമമാണിത് . ഇത്തരം വ്യാജ വെബ്സൈറ്റ് നിർമിക്കുന്നതാണ് **സ്പൂഫിംഗ്**.

**ഡിനൈൽ ഓഫ് സർവീസ്(DoS) അറ്റാക്ക്** : വെബ് സെർവറിനെ ഷട്ട് ഡൗൺ ആക്കുന്നു.

## 3. നെറ്റ്‌വർക് അറ്റാക്കിനെ തടയാനുള്ള മാർഗ്ഗങ്ങൾ

**ആന്റിവൈറസ് സ്കാനറുകൾ** :കമ്പ്യൂട്ടർ സിസ്റ്റത്തിലെ ഫയലുകളിൽ കാണപ്പെടുന്ന വൈറസ്,വേം, ട്രോജൻ ഹോഴ്സ്,മാൽവെയർ എന്നിവയെല്ലാം സ്കാൻ ചെയ്യുകയും അവ നീക്കം ചെയ്യുകയും ചെയ്യുന്നു.

**ഫയർവാൾ** : കമ്പ്യൂട്ടർ നെറ്റ് വർക്കിന് സുരക്ഷ നൽകുന്ന ഹാർഡ്‌വെയറിന്റെയും സോഫ്റ്റ് വെയറിന്റെയും ഒരു സമ്മിശ്ര രൂപമാണിത്.

**കുക്കീസ്** : നിയമ വിധേയമല്ലാത്ത ഉപയോഗത്തിനും, സ്വകാര്യ വിവരങ്ങൾ ഉപയോഗിക്കുന്നത് തടയുവാനും കുക്കികളുടെ അടിക്കടിയുള്ള നശീകരണത്തിലൂടെ സാധിക്കുന്നു.